(ഡി) ഉണ്ട്. ഗേജ് റീഡിംഗിനായി നിയോഗിക്കപ്പെട്ടവർ ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി ഏഴ് അസി. ഡയറക്ടർമാരും (അസി. എഞ്ചിനീയർ) ഇവരെ സൂപ്രവൈസ് ചെയ്യുന്നതിന് രണ്ട് ഡെപ്യൂട്ടി ഡയറക്ടർമാരും (അസി. എക്സി. എഞ്ചിനീയർ) ഉണ്ട്. ഗേജിംഗിന്റെ മൊത്തത്തിലുള്ള കാര്യക്ഷമത എക്സി. എഞ്ചിനീയറുടെ റാങ്കിലുള്ള ഒരു ജോയിന്റ് ഡയറക്ടർ ഉറപ്പുവരുത്തുകയും ഓരോ ദൈവാര മീറ്റിംഗുകളിലും ജലത്തിന്റെ കണക്കുകൾ ഒത്തുനോക്കുകയും വാർഷിക കണക്കുകൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ മീറ്റിംഗുകളിൽ വച്ച് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന സ്കീമുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള തീരുമാനം

28 [3615], ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന സ്കീമുകൾ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) അപ്രകാരം ഏതെങ്കിലും സ്കീമുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം നൽകാമോ;

(സി) പ്രസ്തുത സ്കീമുകൾ എറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) 1050 ഏകതല പഞ്ചായത്ത് സ്കീമുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 163 സ്കീമുകൾ കൈമാറിയതിൽ 98 എണ്ണം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കൈമാറിയ 163 സ്കീമുകളുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(സി ആന്റ് ഡി) 163 സ്കീമുകൾ കൈമാറിയതിൽ 98 എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്കീമുകൾ ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നുണ്ട്. ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിന് നടപടി സ്വീകരിക്കാവുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly